**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **31-01-2024 - ൽ മറുപടിയ്ക്ക്**

**പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിൽ വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും നൽകിയിട്ടുള്ള നീണ്ട കാലാവധിയുള്ള വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നൽകിയിട്ടുള്ള വായ്പകളിൽ 2006 മാർച്ച് 31 വരെ കാലാവധി അവസാനിച്ചതും, 2023 മാർച്ച് മാസം വരെ കുടിശ്ശികയുള്ളതുമായ 173 വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് 08/12/2023 തീയതിയിലെ സ.ഉ.(കൈ)നം.11/2023/പി.വി.വി.വ. നമ്പർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതിൻ പ്രകാരം പ്രസ്തുത വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി 31/03/2024 വരെ കാലാവധി ഉള്ളതാണ് . |
| (ബി) | പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി പുതിയ വായ്പാ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുണ്ട്.<br><br>നിബന്ധനകൾ :<br><br>വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 3.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 4% പലിശ നിരക്കിലും 2.5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | 4.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 5% പലിശ നിരക്കിലും പരമാവധി 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. കോഴ്സ് കാലാവധി പൂർത്തിയാക്കി ആറുമാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കുന്നതും തിരിച്ചടവ് കാലാവധി 6 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചാർജ്ജുകൾ, വിസ ചെലവുകൾ, വിമാന യാത്രാക്കൂലി എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായാണ് ടി വായ്പ നൽകുന്നത്. |
| (സി) | പട്ടികജാതിയിൽ നിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (സി) | പട്ടികജാതിയിൽ നിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിനായി, കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയംതൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ, സ്റ്റാർട്ടപ് വായ്പ, കാർഷിക വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന / ധനസഹായ / പരിശീലന പദ്ധതികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പി ലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും, ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.<br><br>മേൽ പറഞ്ഞവ കൂടാതെ പട്ടികജാതിയിൽ നിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക ഉന്നമനത്തിനായി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ വായ്പാ പദ്ധതി, ന്യൂ സ്വർണിമ, റീ ടേൺ സ്വയം തൊഴിൽ വായ്പാ പദ്ധതി, സ്റ്റാർട്ട് അപ് സ്വയം തൊഴിൽ വായ്പാ പദ്ധതി, വിദ്യാഭ്യാസ വായ്പ (ഇന്ത്യയിൽ), വിദ്യാഭ്യാസ വായ്പ (വിദേശത്ത്), |

| | | | |
|---|---|---|---|
| | | | മൈക്രോ ഫിനാൻസ്, സുവർണശ്രീ വായ്പ, വിവാഹ ധനസഹായ വായ്പ, ബിസിനസ് ഡെവലപ്മെന്റ് സ്കീം, പ്രവർത്തന മൂലധന വായ്പ, വ്യക്തിഗത വായ്പ, സ്വസ്ഥ ഗൃഹ (ഗൃഹ പുനരുദ്ധാരണ വായ്പ), വാഹന വായ്പ, എന്റെ വീട് വായ്പാ പദ്ധതി, വിദ്യശ്രീ എന്നീ വായ്പാ പദ്ധതികളും നടപ്പിലാക്കി വരുന്നു .<br><br>പട്ടികജാതിക്കാർക്ക് സമാനമായ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ നിലനിൽക്കുന്ന പരിവർത്തിത ക്രൈസ്തവ വിഭാഗത്തിന് പട്ടികജാതിക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി മറ്റർഹ വിഭാഗത്തിൽ (ഒ.ഇ.സി) ഉൾപ്പെടുത്തി പ്രീമെടിക്, പോസ്റ്റ്മെടിക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിദേശ സർവ്വകലാശാലകളിൽ ഉപരി പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് (ഓവർസീസ് സ്കോളർഷിപ്പ്), പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ/ഹോട്ടൽ മാനേജ്മെന്റ്/ലോജിസ്റ്റിക്/പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ.ടി.ഐ/ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി, നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാധിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്ന അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി എന്നീ പദ്ധതികൾക്ക് ഒ.ബി.സി. എന്ന നിലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ